INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന
**ICC Bulletin Vol.3.1** **January-February 2008**

# 2008 : ദൈവവചന–കുടുംബശാക്തീകരണ വർഷം

വീൺടുമൊരു പുതുവത്സരത്തിലെ ജീവനും, പ്രകാശവും കാണുവാൻ ഭാഗ്യം ലഭിച്ച നമുക്കു് ദൈവത്തെ സ്തുതിക്കാം. **2008** - ദൈവവചനവർഷമായി ആചരിക്കണമെന്നും(KCBC), കുടുംബജീവിതത്തെ ശക്തിപ്പെടുത്തുന്ന അവസരമാക്കണമെന്നും(Pope Benedict XV1) കത്തോലിക്കാസഭ ആഹ്വാനം ചെയ്യുന്നു. അതുതന്നെയാകട്ടെ നമ്മുടെ ICC ഇടവകയുടെ ഈ വർഷത്തെ മുൻഗണനാർഹമായ ദൗത്യം. അതുകൊൺടു് താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:

നമ്മുടെ ഓരോ കുടുംബത്തിലും വിശുദ്ധഗ്രന്ഥം പൂജ്യമായി പ്രതിഷ്ഠിച്ചു് ദിവസവും കുറച്ചു സമയമെങ്കിലും തിരുവചനം വായിക്കുകയും, ധ്യാനിക്കുകയും, കുട്ടികൾക്ക് വ്യാഖ്യാനിച്ച് കൊടുക്കുകയും ചെയ്യണം. ദൈവവചനം നമുക്കു് വെളിച്ചവും ശക്തിയും ബന്ധനങ്ങളിൽനിന്നും വിമോചനവും, തിന്മയുടെ ശക്തിയിൽനിന്നും സംരക്ഷണവും സമൃദ്ധിയും നൽകട്ടെ. അതുപോലെ, കത്തോലിക്കാസഭയുടെ സമഗ്രമായ കുടുംബജീവിതദർശനം, പ്രായോഗികമാക്കി ജീവിക്കുവാൻ തീവ്രമായി പരിശ്രമിക്കുക. മനുഷ്യജീവന്റെ ഉറവിടവും, പരിപോഷണകേന്ദ്രവും, ജീവിതത്തിന്റെ ഭദ്രതയും, സാഫല്ല്യവും, സമൃദ്ധിയും യാഥാർത്ഥ്യമാകുന്ന വേദിയാകണം നമ്മുടെ കുടുംബം. അവ തലമുറകളുടെ പൈതൃക നാരായവേരിൽ നിന്നും ഉത്ഭവിച്ച് നമ്മുടെ ജീവിതത്തിന് അസ്തിത്വവും താങ്ങും തണലുമേകി ഇനിയും അനേകം തലമുറകൾക്ക് ജീവനും, അർത്ഥവും പകരുന്ന ശക്തികേന്ദ്രമായിത്തീരണം. യേശുവിന്റെ മൗതീക ശരീരമാകുന്ന സഭയുടെ പ്രാദേശിക ആവിഷ്ക്കാരമായ ഇടവകയുടെ അവിഭാജ്യഘടകമായ കുടുംബം ദൈവാത്മാവിന്റെ സാന്നിദ്ധ്യശക്തീ കേന്ദ്രമാണു്. ഒരു കത്തോലിക്കാ കുടുംബത്തിന്റെ അസ്തിത്വവും, ഘടനയും, ത്രിമാനസ്വഭാവവും സൂചിപ്പിക്കുന്ന പ്രതീകം ശ്രദ്ധിക്കുക.




കുടുംബജീവിതത്തിന്റെ മൂന്നു് ആവിഷ്ക്കാര മേഘലകളാണ് നമ്മുടെ സ്വന്തം കുടുംബം, നമ്മുടെ സ്വന്തം ഇടവകസമൂഹം, നമ്മുടെ കത്തോലിക്കാസഭ. ഈ മൂന്നു് കൂട്ടായ്മാ മേഘലകളിലും ശക്തമായി വേരൂന്നി നിൽക്കുന്ന വടവൃക്ഷം പോലെയാകണം നമ്മുടെ ഓരോ കുടുംബവും. കുടുംബത്തിൽ മാതാപിതാക്കളുടേയും, ഇടവകയിൽ വികാരിയുടേയും, സാർവ്വത്രീക കത്തോലിക്കാസഭയിൽ മാർപ്പാപ്പയുടേയും പരിപാലന നേതൃത്വത്തിൽ ശക്തി പ്രാപിച്ച് സഫലമാകുന്നതാകണം നമ്മുടെ ജീവിതം. കത്തോലിക്കാ ജീവിതപങ്കാളികളുടെ ഏറ്റവും സമഗ്രമായ ജീവിതപ്പൊരുത്തം സാദ്ധ്യമാകുന്നതു് ഈ ത്രിമാനസ്വഭാവമുള്ള കുടുംബവേദിയിലാണെന്ന യാഥാർത്ഥ്യം മാതാപിതാക്കൾ വ്യക്തമായി മനസ്സിലാക്കിയിരിക്കണം. വിവാഹജീവിതത്തിലേയ്ക്ക് മക്കളെ നയിക്കുന്ന കത്തോലിക്കാ മാതാപിതാക്കൾ ഏറെ ഗൗരവമായി ഇക്കാര്യം ശ്രദ്ധിക്കണം. സമ്പത്തും, ജീവിതസൗകര്യങ്ങളും, ഗ്ലാമറുള്ള ജോലിയും മക്കളുടെ കുടുംബജീവിതത്തിൽ ലഭിച്ചാലും കുടുംബപൈതൃക പൊരുത്തം നഷ്ടമായാൽ അതൊരു തീരാനഷ്ടം തന്നെയാണെന്ന കാര്യം മാതാപിതാക്കൾ ഓർത്തിരിക്കുമല്ലൊ.

ആയതിനാൽ, ദൈവവചനാധിഷ്ഠിതമായ കുടുംബജീവിതവും അവയെ ധാർമ്മികവും, ആത്മീയവും, സാംസ്ക്കാരികവുമായി പരിപോഷിപ്പിക്കുന്ന മലയാളീകത്തോലിക്കാ ഇടവകയിലെ സകല സാദ്ധ്യതകളും ആവോളം ഉപയോഗപ്പെടുത്തുവാൻ വിയന്നായിലെ എല്ലാ മലയാളി കത്തോലിക്കരേയും ഒത്തിരി സ്നേഹത്തോടെ ഞങ്ങൾ ക്ഷണിക്കുന്നു. ഏവർക്കും പുതുവത്സരാശംസകൾ നേരുന്നു.

Chaplain: P. Thomas Thandappilly CST. Assist. Chaplain: P. Thomas Mathew Vadathumukalel TOR

## Note the Following Events of the Coming Months

This is the double Jubilee Year: 150th year of the Apparition of the Blessed Virgin Mary at Lourdes in France and 50th year of the Blessing of the Church of Maria Lourdes Meidling.

Special penitential grace will be granted to those who visit and pray in any Church or Shrine dedicated to the Blessed Virgin Mary of Lourdes this year, particularly between 2nd and 11th of February 2008. Kindly do not miss the Sunday Malayalam Mass in our Parish Maria Lourdes.

Catechism Exams on 6th and 13th of January 2008, both in Meidling and Stadlau.

Kindly register those who want to join the ICC Firmung –Confirmation- on 11th May 2008.

Feast of Maria Lourdes –Parish Festival – on Sunday 10th February: Combined Solemn Liturgy in Pfarre Maria Lourdes at 9. 30 AM. Main Celebrant: Generalabt B. Backovsky.

ICC Marriage Preparation Course: First Batch on 21st, 22nd, 23rd Febr. 2008.

Ash Wednesday: Malayalam Liturgy at 8. 15 AM in Krypta Maria Lourdes.

Kids Liturgy : 17th February 2008.

# Bible Competition 2008

The following Chapters of the Malayalam Gospel are included in the oral competition to be held in November 2008:

Gospel according to Matthew: Chapters: 1, 2, 3, 4, 5, 6.

Gospel according to Mark: Chapters: 1, 2, 3, 4, 5.

Gospel according to Luke: Chapters: 1, 2, 3, 4, 5, 6, 7.

Gospel according to John: Chapters: 1, 2, 3, 4, 5, 6.

Prizes –Certificates signed by HE Cardinal Schönborn – will be given by HE Franz Scharl on Christmas Day 2008.

There will be separate competition for the Youth –above 12 years to 18 ; and for Seniors above 18 years of age.

Last date of registration to the Competition will be on 15th October 2008.

(Verleger: Thomas Sebastian for the Indian Catholic Community Vienna)